**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2759** **12-07-2022 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡിലെ ശമ്പളവും ആനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് സർക്കാർ ശമ്പളം നേരിട്ട് നൽകണമെന്ന് ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അനുകൂല നിലപാടെടുക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ക്ഷേത്രങ്ങളുടെ ഭരണചുമതലയുള്ള ദേവസ്വം ബോർഡുകൾ ക്ഷേത്രങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിനനുസരിച്ചാണ് പ്രസ്തുത ചെലവുകൾ വഹിക്കേണ്ടത്. ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നല്കാൻ സർക്കാർ നൽകുന്ന ഗ്രാന്റ് ഉപയോഗിക്കുന്നത് മലബാർ ദേവസ്വം ബോർഡിന്റ കാര്യത്തിൽ മാത്രം നിലവിലുള്ള ഒരു സംവിധാനമാണ്. അപ്രകാരം നൽകുന്ന തുക കൂടുതൽ ജീവനക്കാരുടെ ശമ്പള ചെലവിനായി ഉപയോഗിക്കുവാൻ കഴിയില്ല. കൂടുതൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പള ചെലവ് ഏറ്റെടുക്കാൻ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പര്യാപ്തമല്ല.<br><br>മാത്രമല്ല ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ സെക്ഷൻ 100(2) (P)&(X) (ii) ന്റെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരമാണ് എക്സിക്യൂട്ടീവ് ഓഫീസറുടെ നിയമനം, സേവന-വേതന വ്യവസ്ഥകൾ എന്നിവ നിഷ്കർഷിച്ചിട്ടുള്ളത്. ചട്ടം (5) പ്രകാരം, നിയമിക്കപ്പെടുന്ന ക്ഷേത്രത്തിൽ നിന്നും ശമ്പളം അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ബി) | മലബാർ ദേവസ്വം ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്താൻ ക്ഷേമനിധി ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളിലാണ് വർദ്ധനവ് വരുത്താൻ ബോർഡ് തീരുമാനിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കും നൽകി വരുന്ന ആനുകൂല്യങ്ങളിൽ, വർദ്ധനവ് വരുത്തുന്നതിന് 30/05/2022 ലെ ക്ഷേമനിധിബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. പെൻഷൻ, അവശതാ പെൻഷൻ, ഗ്രാറ്റുവിറ്റി, ഫാമിലിപെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, വിദ്യാഭ്യാസ സഹായം എന്നീ ആനുകൂല്യങ്ങളിൽ, വർദ്ധനവ് |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനാണ് ക്ഷേമനിധി ബോർഡ് യോഗം തീരുമാനിച്ചിട്ടുള്ളത്.<br><br>ക്ഷേമനിധി ബോർഡ് യോഗ തീരുമാനം, മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരത്തോടെ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ